File No.TCPCTP/321/2020-C2

**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - പാലക്കാട് ജില്ല പുതുശ്ശേരി ഗ്രാമപഞ്ചായത്ത് - പുതുശ്ശേരി സെൻട്രൽ വില്ലേജ് - കോട്ടയ്ക്കൽ ആര്യവൈദ്യശാല കെട്ടിട നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പാലക്കാട് ടൗൺ പ്ലാനറുടെ 23/01/2020 തീയതിയിലെ TCPPKD/1482/19/C നമ്പർ കത്ത്.
2. മാനേജിംഗ് ട്രസ്റ്റി, കോട്ടയ്ക്കൽ ആര്യവൈദ്യശാല, മലപ്പുറം-ന്റെ 19/11/2019 ലെ അപേക്ഷ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/321/2020-C2 തീയതി:**20/02/2020**

---

പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുതുശ്ശേരി സെൻട്രൽ വില്ലേജിൽ റീ സർവ്വേ നമ്പർ 298/1,2,3, 299/1,2,3, 300/1,3, 301/1, 305/1,2,3,4A എന്നിവയിൽ ഉൾപ്പെടുന്ന 2821.06, സെന്റ് സ്ഥലത്ത് നിലവിലുള്ള കോട്ടയ്ക്കൽ ആര്യവൈദ്യശാല നിർമ്മാണ ഫാക്ടറിയിൽ 2016.50 ച.മീ. വിസ്തീർണ്ണമുള്ള ഭസ്മം പ്ലാന്റ് നിർമ്മിക്കുന്നതിനും 294.40 ച.മീ. വിസ്തീർണ്ണമുള്ള firewood steam generating shed ക്രമവൽക്കരിക്കുന്നതിനും വേണ്ടി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ മാനേജിംഗ് ട്രസ്റ്റി, കോട്ടയ്ക്കൽ ആര്യവൈദ്യശാല, മലപ്പുറം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. വിഭാവനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം റവന്യൂ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിയമം 2011 ലെ റൂൾ 59(14), 59(15) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്ക് വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ഫോർസ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം
6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി രൂപപ്പെടുത്തേണ്ടതാണ്.
7. സാനിട്ടേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി

ഉറപ്പുവരുത്തേണ്ടതാണ്.

8. അംഗപരിമിതർക്കാവശ്യമായ സൗകര്യങ്ങൾ നിയമാനുസൃതം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
9. നിർദ്ദിഷ്ട നിർമ്മാണത്തിലേക്ക് പ്രധാന റോഡിൽ നിന്നും കുറഞ്ഞത് 6 മീറ്റർ വീതിയിൽ വഴിയുണ്ടായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 43/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, പാലക്കാട്.

പകർപ്പ്:-

1. മാനേജിംഗ് ട്രസ്റ്റി, കോട്ടയ്ക്കൽ ആര്യവൈദ്യശാല, മലപ്പുറം-676503
2. ടൗൺ പ്ലാനർ, പാലക്കാട്.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം പിൻ-695 003